# US PROFILES




## മത്തായി.പി.ദാസ്





# മത്തായി.പി.ദാസ്

## പാവങ്ങളെ സഹായിക്കാനാണ് ക്രിസ്തു പഠിപ്പിച്ചത്

റിട്ടയർ ചെയ്ത് വീട്ടിലിരിക്കുമ്പോഴാണ് മധ്യസ്ഥ പ്രാർത്ഥനയിൽ പുതിയൊരു നിയോഗം തനിക്കു ലഭിച്ചതായി മത്തായി പി. ദാസിന് തോന്നിയത്. മറ്റൊന്നുമല്ല, വെറുതെ ഇരുന്നാൽ പോരാ, ഇനിയും കഴിയുന്നത്ര കാലം ജോലി ചെയ്യണം. ആ പണം കിട്ടിയാൽ നിരവധി ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കാത്തിരിക്കുന്ന ഒട്ടേറെ പേർ നമ്മുടെ നാട്ടിലുണ്ട്. അങ്ങനെ നഴ്സിംഗ് സൂപ്പർവൈസറുടെ കുപ്പായമണിഞ്ഞ് ആഴ്ചയിൽ രണ്ട് ദിവസം മത്തായി പി. ദാസ് ജോലിക്കു പോയി തുടങ്ങി. ജോലി ചെയ്യാവുന്നിടത്തോളം കാലം അത് തുടരാൻ തന്നെ തീരുമാനം.



ആർക്കും ഏതു സാഹചര്യത്തിലും ചെയ്യാവുന്നതാണ് സേവന പ്രവർത്തനങ്ങൾ എന്നതാണ് അരനൂറ്റാണ്ടിലേറെയായി അമേരിക്കയിൽ താമസിക്കുന്ന തിരുവനന്തപുരം സ്വദേശിയായ മത്തായി പി.ദാസ് പഠിപ്പിക്കുന്നത്. വന്ന കാലം മുതൽ വരുമാനത്തിൽ ഒരു ഭാഗം നാട്ടിലെ പാവങ്ങൾക്കായി അയച്ചു കൊടുക്കുന്നു.

കുറച്ചു കാലം കഴിഞ്ഞപ്പോൾ അതിനൊരു വ്യത്യസ്ത പരിവേഷം നൽകാൻ അത് സംഘടനയാക്കി. സെവൻ ബോറോസ് എന്ന് പേരുമിട്ടു . തിരുവനന്തപുരത്തോട് തൊട്ടുള്ള ഏഴു പ്രദേശങ്ങളിലാണ് സേവന പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് എന്നതിനാലാണ് ഈ പേര്. ന്യു യോർക്ക് സിറ്റിയിൽ ക്വീൻസിലുള്ള ട്രൈ ബോറോ പാലം കടക്കുമ്പോഴാണ് ഈ പേര് മനസ്സിൽ വന്നത്. മൂന്നു ബോറോകളെ ബന്ധിപ്പിക്കുന്ന പാലം-ക്വീൻസ്, ബ്രോങ്ക്സ്, മൻഹാട്ടൻ എന്നിവ. ഇപ്പോൾ പക്ഷെ പാലത്തിന്റെ പേര് മാറ്റി -ആർ.എഫ്.കെ. ബ്രിഡ്ജ്. റോബർട്ട് എഫ്. കെന്നഡിയുടെ പേര്.

സാമൂഹിക-സാംസ്കാരികരംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച മത്തായി പി. ദാസ് ഹഡ്സൺവാലി മലയാളി അസോസിയേഷൻ (എച്ച്.വി.എം.എ) പ്രസിഡന്റായിരുന്നു-1988. ഫൊക്കാനയിലും വിവിധ പദവികൾ വഹിച്ചിട്ടുണ്ട്.

ന്യൂയോർക്കിലെ റോക്‌ലൻഡിലുള്ള സെന്റ് ജോർജ് യാക്കോബായ ചർച്ചിൽ സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായും ഹഡ്സൺവാലി മലയാളി അസോസിയേഷന്റെ മലയാളം സ്കൂളിന്റെ പ്രിൻസിപ്പളായും പ്രവർത്തിച്ചു.

സമൂഹത്തെ സഹായിക്കേണ്ടതിന്റെ പ്രാധാന്യം ചെറുപ്പം മുതൽ തിരിച്ചറിഞ്ഞതാണ് ദാസിൽ സേവനതല്പരതയുടെ വിത്തുപാകിയത്. അമേരിക്കയിൽ വന്ന കാലം മുതൽക്കുതന്നെ സ്വന്തം ശമ്പളത്തിൽ നിന്ന് മിച്ചം പിടിച്ചു നാട്ടിലെ അശര



ണർക്ക് സഹായം എത്തിക്കാൻ അദ്ദേഹം മനസ്സു കാണിച്ചിരുന്നു.

പുല്ലുമേഞ്ഞ വീട്ടിൽ കഴിഞ്ഞിരുന്ന ഒരാളുടെ ക്ലേശകരമായ അവസ്ഥകണ്ട്, വീട് പണിതു നൽകിയതോടെയാണ് മറ്റുള്ളവരുടെ കണ്ണീരൊപ്പുക എന്ന ദൗത്യം കൂടി ദൈവം തന്നിൽ ഏൽപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന് ഉൾവിളി ഉണ്ടായത്. മറ്റുള്ളവരെ സഹായിക്കുമ്പോൾ കിട്ടുന്ന ആനന്ദത്തോളം ശ്രേഷ്ഠമായി മറ്റൊന്നുമില്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. പാവങ്ങളെ സഹായിക്കുന്നതിലൂടെ നിങ്ങൾ ദൈവത്തെ സേവിക്കുന്നു എന്നുള്ള ബൈബിൾ വചനമാണ് ദാസ് പിന്തുടരുന്നത്.

1971 ൽ ആൽബനി മെഡിക്കൽ സെന്റർ ഹോസ്പിറ്റലിൽ നിന്നും തുടങ്ങിയതാണ് ആരോഗ്യപരിപാലന രംഗത്തെ ദാസിന്റെ പ്രവർത്തനങ്ങൾ. പിന്നീട് വെസ്റ്റ്ചെസ്റ്റർ മെഡിക്കൽ സെന്റർ, കൊളമ്പിയ പ്രെസ്ബിറ്റീരിയൻ തുടങ്ങി വിവിധ ഹോസ്പിറ്റലുകളിൽ പ്രവർത്തിച്ചു. കൊളംബിയയിൽ നിന്ന് അഞ്ചു വർഷം മുൻപ് റിട്ടയർ ചെയ്തു.

ജോലിയിൽ ഇരിക്കുമ്പോഴും അതിനു ശേഷവും സാമൂഹിക സേവനത്തിനുള്ള അവസരങ്ങൾ നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിൽ നിന്ന് മികച്ച സാമൂഹിക പ്രവർത്തകനുള്ള അവാർഡും നേടി.

ഒരു കുടുംബത്തിന് വീട് പണിയാൻ മുടക്കുന്ന ലക്ഷങ്ങൾകൊണ്ട് നൂറ് കുട്ടികളെ അക്ഷരത്തിന്റെ വലിയലോകത്തേക്ക് കൈപിടിച്ച് നടത്താമല്ലോ എന്നായി പിന്നീടുള്ള ചിന്ത. കഷ്ടതകൾ നിറഞ്ഞ ജീവിതസാഹചര്യങ്ങൾക്കിടയിലും മാതാപിതാക്കൾ തന്റെ വിദ്യാഭ്യാസകാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാതിരുന്നതുകൊണ്ടാണ് താൻ ഇന്നത്തെ നിലയിൽ എത്തിച്ചേർന്നതെന്ന സത്യം അതിന് പ്രേരണയാകുകയും ചെയ്തു.




നമ്മൾ പഠിച്ച പാഠങ്ങൾ, നമ്മുടെ കുട്ടികൾക്ക് പകർന്നുകൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വിശ്വസിക്കുന്നയാളാണ് ദാസ്. അർഹമായ വിദ്യാഭ്യാസം നേടുന്നതിന് അവസരമില്ലാത്ത കുട്ടികളിലേക്ക് അത് ഏത് വിധേനയും എത്തിക്കാൻ, അവരെക്കാൾ മെച്ചപ്പെട്ട സാഹചര്യങ്ങളുള്ളവർ ബാധ്യസ്ഥരാണെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

തെക്കൻ കേരളത്തിലെ അധഃസ്ഥിതരായ കുട്ടികളുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെയാണ് 2009 ൽ സെവൻ ബോറോ ആരംഭിച്ചത്. സെവൻ ബോറോ യൂത്ത് ഇന്റർനാഷണൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി എന്ന യുവജന വിഭാഗം പ്രവാസികാര്യ മന്ത്രിയായിരുന്ന വയലാർ രവിയാണ് ഉദ്ഘാടനം ചെയ്തത്. പദ്ധതികളുടെ ഗുണഭോക്താക്കൾ പ്രധാനമായും തിരുവനന്തപുരത്തിനും സമീപത്തെ ഏഴ് മേഖലകൾക്കും ചുറ്റുമുള്ളവരാണെന്നതിനാലാണ് 'സെവൻ ബോറോ' എന്ന പേര് തിരഞ്ഞെടുത്തത്.




ഇതിനു പുറമെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പ്ലാവിലത്തറയിൽ ആരംഭിച്ച ലൈബ്രറി, ദാസിന്റെ സ്വപ്ന പദ്ധതികളിലൊന്നാണ്. നിലവിൽ 200-ലധികം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നുണ്ട്. 2005-ൽ ലൈബ്രറി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. 5000-ത്തിലധികം പുസ്തകങ്ങളാണ് കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കുന്നതിന് ലൈബ്രറിയിൽ ഒരുക്കിയിട്ടുള്ളത്. ഡോൺ ബോസ്കോ സേവന സംഘടനയുമായി ചേർന്നാണ് ഇത് സ്ഥാപിച്ചത്. അനന്തരവൻ മാനുവൽ ജോർജ് ഡോൺ ബോസ്കോയിൽ സോഷ്യൽ വർക്കറാണ്. ചാരിറ്റി പദ്ധതികൾക്കൊക്കെ മേൽനോട്ടം വഹിക്കുന്നത് അനന്തരവനാണ്. ഡോൺ ബോസ്കോ കത്തോലിക്കാ സേവന സംഘടനയാണ്. നേരത്തെ തങ്കപ്പൻ നായർ എന്നൊരാൾക്ക് വീട് പണിതു നൽകാൻ ചുമതല വഹിച്ചത് ഡോൺ ബോസ്കോയിൽ പ്രവർത്തിച്ചിരിക്കുന്ന ഫാ. സെബാസ്ത്യനാണ്. അദ്ദേഹം അടുത്തയിടക്ക് അന്തരിച്ചു. എക്യൂമെനിക്കൽ ചിന്താഗതി പുലർത്തുന്നയാളാണ് താനെന്ന് ദാസ് ചൂണ്ടിക്കാട്ടുന്നു.



വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പുകൾ നൽകുന്നതോടൊപ്പം ജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ സംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധിക്കുന്നു..

ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരും സാമ്പത്തിക പരാധീനതകൾ കാരണം വിദ്യാഭ്യാസം സാധ്യമാകാത്തവരുമായ കുട്ടികളെ പഠിപ്പിക്കുക എന്നതിനാണ് സേവന ബോറോ അസോസിയേഷൻ മുൻഗണന നൽകുന്നത്. പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ യോഗ്യത നേടുന്നതിന് ആവശ്യമായ പിന്തുണ നൽകുന്നു. ഫാർമസി, ലാബ് ടെക്നീഷ്യൻ, ടീച്ചർ, നഴ്സ് എന്നിങ്ങനെ പ്രൊഫഷണൽ മേഖലകളിൽ പ്രവേശനം ലഭിക്കുന്നവർക്കാണ് തുടർ സഹായം നൽകുക. തിരഞ്ഞെടുത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് ഈ പ്രക്രിയയെ കുറിച്ച് അവബോധം സൃഷ്ടിക്കാനായി എല്ലാ വർഷവും ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. കുട്ടികളുടെ പുരോഗതി വിശകലനം ചെയ്യുന്നതിനും പഠനത്തിൽ ദിശാബോധം നൽകുന്നതിനുമായി, പ്രതിമാസ വിദ്യാഭ്യാസ മീറ്റിംഗുകളും നടത്തിവരുന്നു.

'സെവൻ ബറോയിൽ നിന്ന് 10 വിദ്യാർത്ഥികളെങ്കിലും ഒരു പ്രൊഫഷണൽ കോഴ്സ് വിജയിച്ചാൽ, അവർ പ്രതിനിധാനം ചെയ്യുന്ന മേഖലയിലെ മോശമായ സാമ്പത്തിക-വിദ്യാഭ്യാസ





അവസ്ഥയിൽ പ്രകടമായ മാറ്റമുണ്ടാക്കും. ഉയർന്ന
വരുമാനമുള്ള ജോലി പുതിയ തലമുറയ്ക്ക് ലഭിക്കു
ന്നതിലൂടെ അവരുടെ കുടുംബത്തോടൊപ്പം സമൂ
ഹത്തിലും മികച്ച നിലവാരം സാധ്യമാകും. ഓരോ
കുടുംബത്തിൽ നിന്നും ചുരുങ്ങിയത് ഒരു കുട്ടി
ക്കെങ്കിലും മികച്ച ജോലി ലഭിച്ചാൽ ആ കുടുംബം
രക്ഷപ്പെടും. അതാണ് സെവൻ
ബറോ ലക്ഷ്യമിടുന്നത്-ദാസ്
വിശദീകരിക്കുന്നു.

'വർഗീസ് ഉലഹന്നാനും ജെ
യിംസ് ഇളംപുരയിടത്തിലും,
കുര്യാക്കോസ് തര്യനും ഹഡ്
സൺ വാലി മലയാളി അസോ
സിയേഷനും സെന്റ് ജോർജ്
യാക്കോബായ ചർച്ച് ഫാമിലി
യും ധാർമ്മികമായി മികച്ച
പിന്തുണ നൽകുന്നുണ്ട്. മാ
ധവൻ നായർ, പോൾ കറുകപ്പി
ള്ളി, ജി.കെ.പിള്ള, പരേതയായ
മറിയാമ്മ പിള്ള, ഫിലിപ്പോസ്
ഫിലിപ്പ്, സണ്ണി പൗലോസ്, ലീ
ലാ മാരേട്ട്, തുടങ്ങിയ ഫൊ
ക്കാന നേതാക്കൾ ഇതുവരെ
നൽകിയ പിന്തുണയ്ക്കും
ഞാൻ കടപ്പെട്ടിരിക്കുന്നു. സം
ഘടനയുടെ ഉദ്ദേശശുദ്ധി അമേ
രിക്കൻ മലയാളികളിലേക്ക്
എത്തിക്കാൻ ഇ-മലയാളിയും
കേരള ടൈംസിലെ ഫ്രാൻ
സിസ് തടത്തിലും നടത്തുന്ന
ശ്രമങ്ങൾക്കും ഞാൻ നന്ദിയു
ള്ളവനാണ്.'



ആവശ്യമുള്ളവരെ സഹായിക്കണമെന്നുണ്ടെ
ങ്കിൽ, അതിനുള്ള മനസ്സ് മാത്രം ഉണ്ടായാൽ മതി.
അതിനായി നമ്മൾ ഇറങ്ങിപ്പുറപ്പെട്ടാൽ അടഞ്ഞു
കിടക്കുന്ന വാതിലുകളെല്ലാം നമുക്ക് മുന്നിൽ
തുറന്നുകിട്ടും. നമ്മുടെ ഉദ്ദേശം നല്ലതാണെങ്കിൽ
പിന്തുണയ്ക്കാൻ കമ്മ്യൂണിറ്റിയിൽ നിന്ന് തന്നെ
ധാരാളം ആളുകൾ മുന്നോട്ടുവ
രും. തുടർന്നുള്ള യാത്രയിലും
എന്റെ ഊർജ്ജം ആ വിശ്വാ
സം തന്നെയാണ്,' സെവൻ
ബോറോ അസോസിയേഷന്റെ
സിഇഒ ആയ മത്തായി.പി.ദാസ്
വിശദീകരിച്ചു.

ഹഡ്സൺ വാലി മലയാ
ളി അസോസിയേഷനായുമാ
യി ബന്ധപ്പെട്ട് നടത്തിയ രണ്ട്
പരിപാടികൾക്ക് ലഭിച്ച തുക
ഒഴിച്ചാൽ പ്രവർത്തനങ്ങൾക്കെ
ല്ലാം പണം ദാസിന്റെ കയ്യിൽ
നിന്ന് തന്നെ. ഇങ്ങനെ കയ്യിൽ
നിന്ന് പണം ചെലവഴിക്കുന്ന
തിനോട് കുടുംബത്തിന് അത്ര
അനുഭാവമുണ്ടായിരുന്നില്ല.
എങ്കിലും എതിർത്തില്ല.

ഗ്രാമങ്ങളിലും ആദിവാസി
മേഖലകളിലും കഴിയുന്ന കു
ട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാ
ക്കുക എന്നത് ഏറെ പ്രധാന
മെന്ന് ദാസ് വിശ്വസിക്കുന്നു

അവികസിത മേഖലയിൽ
കുട്ടികളുടെ ജീവിതനിലവാരം
ഉയർത്താൻ സംഘടന പ്രതി



ജ്ഞാബദ്ധമാണ്.

നിർധനരായ സ്ത്രീകൾക്ക് തയ്യൽ മെഷീനുകൾ നൽകിക്കൊണ്ടും, സൗജന്യമായി ആടുകളെ വിതരണം ചെയ്തും വരുമാനമാർഗം സൃഷ്ടിക്കുക എന്ന ദൗത്യവും സംഘടന നടപ്പാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ തന്നെ, പെൺകുട്ടികൾക്ക് തയ്യൽ ക്ലാസ്സുകൾ നൽകുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.



നൂറുകണക്കിന് 'ടെക്നോ ബൗണ്ട് വിദ്യാർത്ഥികൾക്ക്' സ്കോളർഷിപ്പും ഇതിനകം നൽകി.

മെഡിക്കൽ ക്യാമ്പുകൾ നടത്തി രോഗം നിർണയിക്കപ്പെട്ടവർക്ക് തുടർ ചികിത്സയ്ക്കായി സാമ്പത്തിക സഹായവും നൽകുന്നുണ്ട്. ജോലിക്ക് പോകുന്ന മാതാപിതാക്കൾക്ക് കുട്ടികളെ സുരക്ഷിതവും സൗജന്യവുമായി ഏല്പിച്ചിട്ട് പോകുന്നതിന് ഡേ-കെയർ സൗകര്യവും 'സെവൻ ബറോ' ആരംഭിച്ചിട്ടുണ്ട്. വരും കാലങ്ങളിൽ ഡേ-കെയറിന്റെ പ്രവർത്തനങ്ങൾക്ക് ചെറിയൊരു ഫീസ് ഈടാക്കിയേക്കും.

സെവൻ ബറോ യൂത്ത് അസോസിയേഷൻ ഇന്റർനാഷണൽ ഇൻക് എന്ന ചാരിറ്റി സംഘടനയിലേക്ക് വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സംഭാവനകൾ നൽകാം.

ഈ സത്കർമ്മത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്ന സുമനസ്സുകൾക്ക് mathai@sevenborough.org എന്ന ഇമെയിൽ ഐഡിയിലൂടെയോ +1 845 –405 –1692 എന്ന ഫോൺ നമ്പർ മുഖേനയോ മത്തായി കെ.ദാസുമായി നേരിട്ട് ബന്ധപ്പെടാം.

www.sevenborough.org എന്ന വെബ്സൈറ്റിലൂടെയും സഹായങ്ങൾ നൽകാം. ഈ വെബ്സൈറ്റിന്റെ ഉദ്ഘാടനം ഫൊക്കാനയുടെ ഒർലാന്റോ കൺവൻഷനിൽ ഫാ. ഡേവിസ് ചിറമ്മേലാണ് നിർവ്വഹിച്ചത്.

ന്യൂയോർക്കിലെ വാലി കൊട്ടേജിൽ ഭാര്യ പൊന്നമ്മയ്ക്കും മക്കളായ ഡോ.സാന്റി, ഡോ. ജൂലി, ഡോ. സാജു എന്നിവർക്കൊപ്പം താമസിക്കുന്ന ദാസിന് അഞ്ച് പേരക്കുട്ടികളുണ്ട്.

